"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊച്ചി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ആശ.കെ.ആർ. ബഹു. ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ 1305/2023 നമ്പർ കേസിലെ 12.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1881/2023/LSGD    തീയതി,തിരുവനന്തപുരം, 22-09-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി ആശ കെ ആർ സർക്കാരിൽ സമർപ്പിച്ച 04.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ6 )
3. ശ്രീമതി ആശ കെ ആർ ബഹ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ 1305/2023 നമ്പർ കേസിലെ 12.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.08.2023 തീയതിയിലെ LSGD/PD/52562/2023DECI നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവ് പ്രകാരം നോർത്ത് പരവൂർ മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റിയതിനെതിരായി കൊച്ചി നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ആശ കെ ആർ, പരാമർശം 2 പ്രകാരം, അപ്പീൽ അപേക്ഷ (അനക്ഷർ എ6) സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ആശ. കെ ആർ, ബഹ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1305/2023 നമ്പർ കേസിലെ 12.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക സമർപ്പിച്ച എ6 അപ്പീൽ പരിശോധിച്ച്, വിധിന്യായം കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി ആശ. കെ ആർ-ന്റെ അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പ്രകാരം, കൊച്ചി നഗരസഭയിൽ ഏഴ് വർഷവും 9 മാസവും 14 ദിവസവുമായി സേവനമനുഷ്ഠിക്കുന്ന ടിയാൾ ഓൺലൈൻ പൊതു സ്ഥലം മാറ്റത്തിനായി തൃപ്പൂണിത്തുറ നഗരസഭ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ അപേക്ഷ സമർപ്പിച്ചതായും, എന്നാൽ തന്റെ മുൻഗണനകളൊന്നും പരിഗണിക്കാതെ, തന്നെ നോർത്ത് പരവൂർ നഗരസഭയിലേക്കാണ് സ്ഥലം മാറ്റിയതെന്നും, അനുകമ്പാർഹമായ വിഷയങ്ങൾ പരിഗണിച്ച് (Single parent, Widow) ടിയാൾ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ 3 വർഷം പൂർത്തിയാക്കിയ

ക്ലർക്കിന് പകരമായി നിയമിക്കുകയോ കൊച്ചി നഗരസഭയിൽ തന്നെ നിയമിക്കുകയോ അല്ലെങ്കിൽ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലേക്ക് നിയമിക്കുകയോ ചെയ്യണമെന്ന് അനക്ഷർ 6 അപ്പീലിൽ അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ഏകീകൃത തദ്ദേശസ്വയംഭരണ വകപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും സ.ഉ.(കൈ)79/2023/തസ്വഭവ തിയതി 22/03/2023 പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നതായും, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷൻ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നും സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ പരാമർശിക്കുന്ന അനുകമ്പാർഹമായ കാരണങ്ങളാലും പ്രത്യേക മുൻഗണന പ്രകാരവും സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് സോഫ്റ്റ് വെയറിൽ സൌകര്യം ഏർപ്പെടുത്തിയിരുന്നതായും അറിയിക്കുന്നു. lsgdgeneraltransfer.lsgkerala.gov.in എന്ന സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ഇൻകുമ്പൻസി വിവരങ്ങൾ പ്രകാരം ശ്രീമതി ആശ കെ ആർ 24/12/2009 മുതൽ 22/06/2015 വരെ എൽ ഡി ക്ലർക്ക് തസ്തികയിലും 22/06/2015 മുതൽ സ്ഥാനക്കയറ്റം ലഭിച്ച് സീനിയർ ക്ലർക്ക് തസ്തികയിലും കൊച്ചിനഗരസഭയിൽ ജോലി ചെയ്തുവരുന്നതായും Final Queue List of applicants working inside district on station seniority പ്രകാരം ടിയാളുടെ ക്യൂ നമ്പർ 28 ആണ് എന്നും അറിയിക്കുന്നു. ശ്രീമതി ആശ കെ ആർ-ന്റെ Total InStation seniority Period 7 Years 9 months 14 days(Total days - 2843) ഉം, ടിയാൾക്ക് മുൻഗണനവിഭാഗത്തിൽ അർഹമായ മാർക്ക് അനുവദിച്ചിട്ടുള്ളതുമാണ് എന്നും എന്നാൽ അപേക്ഷകയെക്കാൾ മുൻഗണനയും അനുകമ്പാർഹമായ കാരണങ്ങൾ മുഖേന ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് ടിയാരി ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ പരിഗണിച്ചിട്ടുള്ളത് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

4. അപേക്ഷക ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ 3 വർഷം പൂർത്തിയാക്കിയ ക്ലർക്കിന് പകരമായി നിയമിക്കുകയോ കൊച്ചി നഗരസഭയിൽ തന്നെ നിയമിക്കുകയോ അല്ലെങ്കിൽ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലേക്ക് നിയമിക്കുകയോ ചെയ്യണമെന്നാണ് അനക്ഷർ 6 അപ്പീലിലെ ആവശ്യമെന്നും എന്നാൽ ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാർ, നിർബന്ധമായും സ്ഥലംമാറ്റപ്പെടേണ്ടതാണെന്ന് ഉത്തരവിൽ പരാമർശിക്കുന്നതായും, മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ ശ്രീമതി ആശ കെ ആർ സമർപ്പിച്ചിട്ടുള്ള ഹർജിയിലെ വാദം നിലനിൽക്കുന്നതല്ലായെന്നും നിലവിൽ ടിയാൻ സമർപ്പിച്ചിട്ടുള്ള അപ്പീൽ പരിഗണിക്കുന്ന പക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ബാധിക്കുകയും കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമായി തീരുമെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി..

5. സർക്കാർ ഇക്കാര്യം ശ്രീമതി ആശ കെ ആർ -ന്റെ അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി ആശ കെ ആർ കൊച്ചി നഗരസഭയിൽ 2009 മുതൽ സേവനമനുഷ്ഠിച്ച് വരുന്നതായി കാണുന്നു. കൂടാതെ നിലവിലും ടിയാളെ എറണാകുളം ജില്ലയിലെ നഗരസഭയിൽ തന്നെയാണ് മാറ്റം നൽകിയിട്ടുള്ളത്.

അപേക്ഷകയെക്കാൾ മുൻഗണനയും അനുകമ്പാർഹമായ കാരണങ്ങൾ മുഖേന ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് ടിയാരി ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ പരിഗണിച്ചിട്ടുള്ളത്. ടിയാളുടെ അപ്പീൽ പരിഗണിക്കുന്നത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ബാധിക്കുകയും കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമായി തീരുന്നതുമാണ്.

6. മേൽ സാഹചര്യത്തിൽ ശ്രീമതി ആശ കെ ആർ-ന്റെ അപ്പീൽ അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1305/2023 നമ്പർ കേസിലെ 12.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീമതി ആശ കെ ആർ, സീനിയർ ക്ലർക്ക്, കൊച്ചി കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-09-2023 10:19:56
സെക്ഷൻ ഓഫീസർ